(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കർഷകർക്കായി എത്ര കോടി രൂപയുടെ നികുതി ഇളവുകൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) റബ്ബർ കർഷകർക്കായി എത്ര രൂപയുടെ ഇളവുകൾ അനുവദിച്ചു ; മറ്റു വിഭാഗം കർഷകർക്ക് എന്തു മാത്രം നികുതി ഇളവുകൾ വീതം അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ & ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കർഷകർക്കായി ഏകദേശം 70 കോടിയിൽ പരം രൂപയുടെ നികുതി ഇളവുകൾ അനുവദിച്ചിട്ടുണ്ട്. വില തകർച്ചമൂലം സംഭവിച്ചിട്ടുള്ള നികുതിനഷ്ടം ഇതിന് പുറമേ പ്രതിവർഷം 50 കോടി വീതം വരും. കാർഷികാദായ നികുതിയിൽ അനുവദിച്ചിട്ടുള്ള ഇളവുകൾ ഇതിനു പുറമെയാണ്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.† കൂടാതെ ഗാർഹിക കമ്പനികളും, കോ-ഓപ്പറേറ്റീവ് സൊസൈറ്റികളും നൽകേണ്ടിയിരുന്ന കാർഷികാദായ നികുതി പത്തു ലക്ഷത്തിനു മുകളിൽ ആദായത്തിന്റെ 65% എന്നുള്ളത് 1-4-1998 മുതൽ മൂന്ന് ലക്ഷത്തിനുമുകളിൽ ഉള്ളവർ വരുമാനത്തിന്റെ 60%ആയി കുറവു ചെയ്തു.

കെ.എസ്.എഫ്.ഇ. കടമെടുത്ത തുക

61 (1292) ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ കെ.എസ്.എഫ്.ഇ സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും എന്തു തുക കടമെടുത്തിട്ടുണ്ട് ;

(ബി) എന്തു തുക വീതം, ഏതെല്ലാം തീയതികളിൽ ഏതു ബാങ്കിൽ നിന്നും എന്ന് കണക്ക് വ്യക്തമാക്കുമോ ;

(സി) ഈ തുക എന്തെല്ലാം ആവശ്യങ്ങൾക്കാണ് വിനിയോഗിച്ചത് ;

(ഡി) ഇതിൽ എന്തു തുക ഏതൊക്കെ തീയതികളിൽ സംസ്ഥാന ട്രഷറിയിൽ നിക്ഷേപിച്ചിട്ടുണ്ട്.

(ഇ) പണം കടം വാങ്ങിയ ഇനത്തിൽ കെ.എസ്.എഫ്.ഇ സഹകരണ ബാങ്കുകൾക്ക് എന്തു തുക പലിശ ഇനത്തിൽ നൽകിയിട്ടുണ്ട് ;

(എഫ്) ട്രഷറിയിൽ നിക്ഷേപിച്ച തുകയ്ക്ക് എന്തു തുക പലിശയിനത്തിൽ ലഭിച്ചിട്ടുണ്ട് ;

(ജി) പണം കടം വാങ്ങി ട്രഷറിയിൽ നിക്ഷേപിച്ചതു വഴി, കെ.എസ്.എഫ്. ഇ.യ്ക്കുണ്ടായ സാമ്പത്തിക നഷ്ടം എത്രയാണ് ;

† അനുബന്ധം VI

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) സർക്കാർ ആവശ്യപ്പെട്ടിട്ടാണോ കെ.എസ്.എഫ്.ഇ പണം കടം വാങ്ങി ട്രഷറിയിൽ നിക്ഷേപിച്ചത് എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) സംസ്ഥാന സഹകരണ ബാങ്കിൽ നിന്ന് 25 കോടി രൂപ കടമെടുത്തിട്ടുണ്ട്.

(ബി) 25 കോടി രൂപ 8-8-2000-ൽ സംസ്ഥാന സഹകരണ ബാങ്കിൽ നിന്ന് കടമെടുത്തു.

(സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) 25 കോടി രൂപ 8-8-2000 ൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ നിക്ഷേപിച്ചിട്ടുണ്ട്.

(ഇ) 1,02,740 രൂപ

(എഫ്) വിവരം ശേഖരിച്ചു വരുന്നു.

(ജി & എച്ച്) വിവരം ശേഖരിച്ചു വരുന്നു.

സംസ്ഥാന ഭാഗ്യക്കുറി

62 (1300) ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ലോട്ടറി എത്ര ഭാഗ്യക്കുറികൾ നടത്തുന്നു എന്നും ഒരോന്നിന്റെയും ടിക്കറ്റുകളുടെ എണ്ണം എത്ര വീതമാണെന്നും, എത്ര രൂപയുടേതാണെന്നും ഓരോന്നിലും എത്ര സമ്മാനമുണ്ടെന്നും, എത്ര രൂപയുടെ സമ്മാനമാണെന്നും വ്യക്തമാക്കുമോ ;

(ബി) കഴിഞ്ഞ ഒരു കൊല്ലക്കാലത്ത് നടന്ന വിവിധ ഭാഗ്യക്കുറികളുടെ ഒന്നാംസമ്മാനവും രണ്ടാം സമ്മാനവും ഏതൊക്കെ ജില്ലയിലുള്ള ആർക്കൊക്കെയാണ് ലഭിച്ചതെന്ന് വ്യക്തമാക്കുമോ ;

(സി) ഭാഗ്യക്കുറി ടിക്കറ്റുകളുടെ ഡിസൈനിംഗ് സംബന്ധിച്ച തീരുമാനം ഡിസൈനിംഗ് പ്രിന്റിംഗ് ഇവ നടത്തുന്നതിന്റെ നടപടിക്രമം വ്യക്തമാക്കുമോ ;

(ഡി) കഴിഞ്ഞ അഞ്ച് കൊല്ലക്കാലത്ത് അവകാശികൾ ഇല്ലാത്തതിനാൽ എത്രരൂപയുടെ സമ്മാനം സർക്കാരിനുതന്നെ മുതൽ കൂട്ടായിട്ടുണ്ട് ;

(ഇ) സംസ്ഥാന ലോട്ടറി ടിക്കറ്റിനുമേൽ ഉള്ള സമ്മാന തുകയുമായി ബന്ധപ്പെട്ട എത്ര അവകാശ തർക്കങ്ങൾ കോടതിയിലുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആകെ ഏഴ് ഭാഗ്യക്കുറികൾ നടത്തുന്നു. ഓരോ ഭാഗ്യക്കുറിയുടെയും ടിക്കറ്റ് വില, ടിക്കറ്റുകളുടെ എണ്ണം, ആകെ സമ്മാനത്തിന്റെ എണ്ണം, ആകെ സമ്മാന തുക എന്നിവയുടെ വിശദവിവരം അനുബന്ധമായി വച്ചിട്ടുണ്ട്.†

† അനുബന്ധം VII

LIBRARY ARCHIVES Kerala Legislative Assembly